**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല — പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തേക്കുള്ള CF ലാമ്പുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ, പല്ലശ്ശന ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ. വി.രവീന്ദ്രനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.628/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം,08.03.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05/2015-ലെ ഇ 9(ക്യ.വി39/14/പി.കെ.ഡി) 28988 /14 നമ്പർ കത്ത്

2. സർക്കാരിന്റെ 08.12.2015-ലെ 420/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം
3. കുറ്റപത്രത്തിന് പല്ലശ്ശന ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ. രവീന്ദ്രൻ 14/03/2016 ന് സമർപ്പിച്ച മറുപടി
4. പഞ്ചായത്ത് ഡയറക്ടറുടെ 31.03.2016-ലെ ഡി10-3399/16 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തേക്കുള്ള CF ലാമ്പുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം ഒന്ന് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായ ശ്രീ. വി. രവീന്ദ്രന് പരാമർശം രണ്ട് പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു. ടിയാൻ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ.വി.രവീന്ദ്രൻ പല്ലശ്ശന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 12.08.2013 തീയതിയ്ക്ക് ചുമതലയേറ്റെടുക്കുന്നതിനു മുമ്പ് തന്നെ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തേക്കുള്ള സി.എഫ്. ലാമ്പുകൾ വാങ്ങുന്നതിനുള്ള 94. 95 എന്നീ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും പർച്ചേസ് കമ്മിറ്റിയുടെ യോഗത്തിൽ ഏതുതരം സി.എഫ്. ലാമ്പുകൾ വാങ്ങണമെന്ന് തീരുമാനിക്കുകയും ആയതിന് പഞ്ചായത്ത് ഭരണസമിതി 18.10.2013-ലെ 5(6) തീരുമാനപ്രകാരം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയത് എന്നും അറിയിക്കുകയുണ്ടായി.

പരാതിക്കാരനായ മെമ്പർ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഭരണസമിതി അംഗങ്ങളും അവരുടെ വാർഡുകളിൽ സി.എഫ്. ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് കാണിച്ച് സ്വന്തം ലെറ്റർ പാഡിൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും സി.എഫ്. ലാമ്പുകൾ സ്ഥാപിക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ്

കെ.എസ്.ഇ.ബി-യിൽ കെട്ടിവച്ച് അവരുടെ മേൽനോട്ടത്തിലാണ് എല്ലാം സ്ഥാപിച്ചത് എന്നും ടിയാൾ പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുന്ന സമയംവരെയും ഏതെങ്കിലും ലാമ്പുകൾ കേടുവന്നതായി റിപ്പോർട്ട് ലഭിച്ചാൽ അപ്പോൾത്തന്നെ ബന്ധപ്പെട്ട കരാറുകാരനെ അറിയിക്കുകയും ആയതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ടെന്നും പ്രതിവാദപത്രികയിൽ വാദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ബോധപൂർവ്വം യാതൊരു ക്രമക്കേടും ചെയ്തിട്ടില്ലെന്നും തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതോടനുബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി പൂർത്തീകരിച്ചതെന്നും വാദിച്ചിട്ടുണ്ട്.

എതിർവാദ പത്രികയിലെ വാദങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ മേൽ പരാമർശം നാല് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പഞ്ചായത്ത ഭരണസമിതി അംഗീകാരം നൽകി നിയമപ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനവുമായി ഉടമ്പടിവെച്ച് സാമ്പിൾ സി.എഫ്.എൽ. അംഗീകൃത ഏജൻസിയിൽ പരിശോധനയ്ക്ക് നൽകി എല്ലാ ടെസ്റ്റുകളും പാസ്സായതിനുശേഷമാണ് സി.എഫ്.എൽ. സ്ഥാപിച്ചത് എന്നും പരാതിക്കാരനായ മെമ്പർ ഉൾപ്പെടെ എല്ലാ മെമ്പർമാരും അവരവരുടെ വാർഡുകളിൽ സി.എഫ്.എൽ. സ്ഥാപിച്ചതായി സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും, ശ്രീ. രവീന്ദ്രൻ പല്ലശ്ശന ഗ്രാമപഞ്ചയത്തിൽ നിന്നും വിടുതൽ ചെയ്യുന്നതുവരെയും സി.എഫ്.എൽ. കേടുവന്നതായി റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ കരാറുകാരനെ അറിയിച്ച് പരിഹാരം കണ്ടിട്ടുണ്ടെന്നും ഗ്യാരണ്ടി കാലാവധി കഴിയുന്നതുവരെ കരാറുകാരന് ഡിപ്പോസിറ്റ് തുക തിരികെ നൽകിയിട്ടില്ല എന്നും എല്ലാ പ്രവർത്തികളും ഭരണസമിതി അംഗങ്ങളുടേയും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടേയും മേൽനോട്ടത്തിലാണ് നടത്തിയിട്ടുള്ളത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നുമുള്ള ശ്രീ. വി. രവീന്ദ്രന്റെ എതിർവാദവിവര പത്രികയിലെ വാദം മുഖവിലയ്ക്കെടുക്കാമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അനുകൂല നടപടി സ്വീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം ശ്രീ. വി. രവീന്ദ്രൻ സമർപ്പിച്ച എതിർവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പഞ്ചായത്തു ഭരണസമിതി അംഗീകാരത്തോടെ നിയമപ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച സ്ഥാപനവുമായി ഉടമ്പടിവെച്ച് സാമ്പിൾ സി.എഫ്.എൽ. അംഗീകൃത ഏജൻസിയിൽ പരിശോധനയ്ക്ക് നൽകി എല്ലാ ടെസ്റ്റുകളും പാസ്സായതിനുശേഷമാണ് സി.എഫ്.എൽ. സ്ഥാപിച്ചത് എന്നും എല്ലാ പ്രവർത്തികളും ഭരണസമിതി അംഗങ്ങളുടേയും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടേയും മേൽനോട്ടത്തിലാണ് നടത്തിയിട്ടുള്ളത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുക

മാത്രമേ ചെയ്തിട്ടുള്ളൂ എന്നതിനാലും ശ്രീ. രവീന്ദ്രന്റെ ഭാഗത്തുനിന്നും മന:പൂർവ്വമായ വീഴ്ചകളൊന്നും സംഭവിച്ചതായി കാണാത്ത സാഹചര്യത്തിലും ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. വി.രവീന്ദ്രൻ,മുൻ സെക്രട്ടറി,പല്ലശ്ശന ഗ്രാമപഞ്ചായത്ത്. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
6. വിജിലൻസ് വകുപ്പ് (04/01/2017-ലെ 13575/ഡി3/16/വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
7. ഡയറക്ടർ,ഐ.കെ.എം, തിരുവനന്തപുരം.
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.416/ഇപിബി3/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ